# ഭരണഭാഷ - മാതൃഭാഷ

**<u>മേലെഴുത്ത് നമ്പർ ഇഎ2/16361/23/ഡിടിഇ തീയതി: 16.12.2023</u>**

കേരള സംസ്ഥാനത്തിന്റെ മുഴുവൻ സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പരിശോധനയും ഗ്രേഡിങ്ങും നടത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിരിക്കുന്നു. ടി ഉത്തരവ് പ്രകാരം പരിശോധനയിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളെയും ഗ്രേഡ് ചെയ്യുന്നതാണ്. ആകെ ലഭിച്ച മാർക്കിന്റെ 50 ശതമാനത്തിന് താഴെ നിൽക്കുന്ന ഓഫീസുകളെ അപാകതകൾ പരിഹരിക്കുന്നതിന് സമയം അനുവദിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി നോട്ടീസ് പുറപ്പെടുവിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിരിക്കുന്നു. ടി സാഹചര്യത്തിൽ സർക്കാർ സർക്കുലറിലുള്ള നടപടികൾ എല്ലാ സ്ഥാപന/ഓഫീസ് മേധാവികളും പൂർത്തികരിക്കേണ്ടതാണ്. ടി ഉത്തരവ് വകുപ്പിന് കീഴിലെ സ്ഥാപന/ഓഫീസ് മേധാവികളുടെ അറിവിലേക്കും തുടർ നടപടികൾക്കുമായും നൽകുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1. വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന മേധാവികൾക്കും (ഡി.ടി.ഇ വെബ് സൈറ്റ് വഴി)
2. ടെക്നിക്കൽ ഓഫീസർ, DTE
3. കരുതൽ സഞ്ചയം

**Approval Valid**

Digitally Approved By
സുനിൽ കുമാർ സി വി
Date: 16.12.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #20 of File EA2/16361/23/DTE Approved by Senior Administrative Officer on 16-Dec-2023 10:52 PM - Page 1

"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യമുക്തം നവകേരളം- സർക്കാർ/അർദ്ധസർക്കാർ/കോർപ്പറേഷനുകൾ/മിഷനുകൾ/അതോറിറ്റികൾ/ സ്വയംഭരണ സ്ഥാപനങ്ങൾ/ ധനകാര്യ സ്ഥാപനങ്ങൾ/ സ്വകാര്യ ഓഫീസുകളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പരിശോധനയും ഗ്രേഡിങ്ങും- മാർഗ്ഗനിർദ്ദേശം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2432/2023/LSGD തീയതി,തിരുവനന്തപുരം, 07-12-2023

---

പരാമർശം:- 1. 07.10.2023 ലെ സ.ഉ.(സാധാ) നം.1971/2023/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

2. 04.08.2023 ലെ wm3/139/2023/തസ്വഭവ നമ്പർ സർക്കുലർ

3.

**ഉത്തരവ്**

സംസ്ഥാനത്തെ മാലിന്യമുകതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു മുന്നോട്ടു പോവുകയാണ്. ആയതിന്റെ ഭാഗമായി സംസ്ഥത്തെ മുഴുവൻ സർക്കാർ/അർദ്ധസർക്കാർ/ കോർപ്പറേഷനുകൾ/മിഷനുകൾ/അതോറിറ്റികൾ/ സ്വയംഭരണ സ്ഥാപനങ്ങൾ/ധനകാര്യ സ്ഥാപനങ്ങൾ/ സ്വകാര്യ ഓഫീസുകളിലും മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പരിശോധനയും ഗ്രേഡിങ്ങും നടത്തുന്നതിന് പരാമർശം 1 പ്രകാരം നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധനയും ഗ്രേഡിങ്ങും നടത്തുന്നതിന് ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. സർക്കാർ/ അർദ്ധസർക്കാർ/ കോർപ്പറേഷനുകൾ/ മിഷനുകൾ/ അതോറിറ്റികൾ/ സ്വയംഭരണ സ്ഥാപനങ്ങൾ/ ധനകാര്യ സ്ഥാപനങ്ങൾ/ സ്വകാര്യ ഓഫീസുകളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പരിശോധന നടത്തുന്നതിന് പരാമർശം 2 സർക്കുലർ പ്രകാരം രൂപീകരിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന തല വിജിലൻസ് സ്ക്വാഡുകളെ ഉപയോഗിക്കാവുന്നതാണ്.

2. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലെ മുഴുവൻ സർക്കാർ/ അർദ്ധസർക്കാർ/ കോർപ്പറേഷനുകൾ/ മിഷനുകൾ/ അതോറിറ്റികൾ/ സ്വയംഭരണ സ്ഥാപനങ്ങൾ/ ധനകാര്യ സ്ഥാപനങ്ങൾ/ സ്വകാര്യ ഓഫീസുകൾ പരിശോധിച്ചു ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളെയും ഗ്രേഡ് ചെയ്യേണ്ടതാണ് .

3. ആകെ ലഭിച്ച മാർക്കിന്റെ 5 0 ശതമാനത്തിനു താഴെ നിൽക്കുന്ന ഓഫീസുകളെ അപാകതകൾ പരിഹരിക്കുന്നതിന് സമയം അനുവദിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി നോട്ടീസ് പുറപ്പെടുവിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

Draft #20 of File EA2/16361/23/DTE Approved by Senior Administrative Officer on 16-Dec-2023 10:52 PM - Page 2

4. സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും(കോർപ്പറേഷൻ, മുനിസിപാലിറ്റി, പഞ്ചായത്ത്) മാലിന്യസംസ്കരണ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിനും പരിശോധനയിലൂടെ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നടത്തുന്നതിനും ഇന്റേണൽ വിജിലൻസ് ഓഫീസർമാരുടെ നേതൃത്വത്തിൽ യുവജന ക്ഷേമ ബോർഡിന്റെ വോളന്റിയർമാരെയും ശുചിത്വ മിഷൻ റിസോർസ് പേഴ്സൻമാരെയും യങ്ങ്പ്രൊഫഷണൽമാരെയും കിലയുടെ തീമാറ്റിക് എക്സ്പെർട്ട് എന്നിവരേയും ഉൾപെടുത്തി സ്ക്വാഡുകൾ ജില്ലാ ജോയിന്റ് ഡയറക്ടർ രൂപീകരിക്കേണ്ടതാണ്.

<u>പരിശോധന നടത്തേണ്ട രീതി</u>

സ്ഥാപനങ്ങളിൽ/ഓഫീസിൽ പരിശോധിക്കേണ്ട കാര്യങ്ങളുടെ മാതൃക അനുബന്ധമായി ചേർത്തിട്ടുണ്ട്.ആയതു പ്രകാരം പരിശോധന നടത്തി അനുവദിക്കാവുന്ന മാർക്ക് നൽകാവുന്നതാണ്. പരിശോധനയിൽ പൂർണ്ണമായും ശരിയായ/ ബോധ്യപ്പെടുന്ന കാര്യങ്ങൾക്ക് മാത്രം മാർക്ക് നൽകുക. പരിശോധന റിപ്പോർട്ടിനോടൊപ്പം സംവിധാനങ്ങളുടെ ഫോട്ടോ കൂടി അനുബന്ധമായി ഉൾപെടുത്തണം. **ഡിസംബർ 15 ന് മുൻപ് ടീമുകൾ രൂപീകരിച്ച് മുന്നൊരുക്ക പ്രവർത്തനങ്ങൾ,മീറ്റിങ്ങുകൾ എന്നിവ പൂർത്തിയാക്കേണ്ടതും ഡിസംബർ 3 1 ന് പരിശോധന പൂർത്തിയാക്കി വാർറൂമിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2
എല്ലാ വകുപ്പ് മേധാവികൾക്കും
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ കളക്ടർമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ , കെ എസ് ഡബ്ല്യൂ എം പി
ഡയറക്ടർ ജനറൽ , കില
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 12-12-2023 15:45:40

Draft #20 of File EA2/16361/23/DTE Approved by Senior Administrative Officer on 16-Dec-2023 10:52 PM - Page 3

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്

Draft #20 of File EA2/16361/23/DTE Approved by Senior Administrative Officer on 16-Dec-2023 10:52 PM - Page 4

അനുബന്ധം

**ഓഫീസിൻറെ പേര് :**
**വിലാസം :**

**പരിശോധന നടത്തിയ**
**തദ്ദേശ സ്ഥാപനം :**

| **ഓഫീസ് ശുചിത്വ -മാലിന്യ സംസ്കരണ സംവിധാനം വിലയിരുത്താനുള്ള ഘടകങ്ങൾ** | | **പരമാവധി മാർക്ക്** | **അനുവദിക്കുന്ന മാർക്ക്** |
|---|---|---|---|
| 1 | ഈ ഓഫീസിലെ മാലിന്യ സംസ്കരണം പൊതു ശുചിത്വം എന്നിവ നടപ്പിലാക്കുന്നതിന് ഒരു നോഡൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ട് | 10 | |
| 2 | ഈ ഓഫീസിലെ ജീവനക്കാർക്കും സന്ദർശകർക്കും ഉപയോഗിക്കുന്നതിന് ആവശ്യമായ മാലിന്യ ശേഖരണ ബിന്നുകൾ (നിശ്ചിത കളർ പ്രകാരം)സ്ഥാപിച്ചിട്ടുണ്ട്. | 10 | |
| 3 | യഥാ സമയം സ്ഥാപനത്തിലെ ബിന്നുകളിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ജീവനക്കാരെ ഏർപ്പാടാക്കിയിട്ടുണ്ട് | 05 | |
| 4 | ഓഫീസിൽ സ്വന്തം നിലയിൽ ജൈവ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് | 10 | |
| 5 | ഓഫീസിലെ ജൈവമാലിന്യം തദ്ദേശ സ്വയംഭരണ സ്ഥാപനം അംഗീകരിച്ചിട്ടുള്ള ഏജൻസിക്ക് കൈമാറുന്നു. | 05 | |
| 6 | അജൈവ മാലിന്യം ശേഖരിച്ച് സൂക്ഷിക്കുന്നതിന് സംവിധാനം /മിനി എം സി എഫ് ഉണ്ട് . | 05 | |
| 7 | പേപ്പർ മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് സംവിധാനം ഉണ്ട്. | 05 | |
| 8 | ഓഫീസിലെ അജൈവമാലിന്യങ്ങൾ ഹരിതകർമ്മസേനക്ക് യുസർ ഫീ നൽകി കൈമാറുന്നു./അംഗീകൃത ഏജൻസിക്ക് കൈമാറുന്നു. | 10 | |
| 9 | ഓഫീസിൽ സാനിട്ടറി മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സ്വന്തമായി സംവിധാനം എർപെടുതിയിട്ടുണ്ട്. | 10 | |
| 10 | തദ്ദേശ സ്വയംഭരണ സ്ഥാപനം അംഗീകരിച്ചിട്ടുള്ള ഏജൻസിക്ക് സാനിട്ടറി മാലിന്യങ്ങൾ കൈമാറുന്നു. | 05 | |
| 11 | ഉപയോഗ ശൂന്യമായ ഫർണിച്ചറുകൾ ,ഇ മാലിന്യങ്ങൾ | 10 | |

Draft #20 of File EA2/16361/23/DTE Approved by Senior Administrative Officer on 16-Dec-2023 10:52 PM - Page 5

| | | | |
|---|---|---|---|
| | അപകടകരമായ മാലിന്യങ്ങൾ എന്നിവയൊന്നും ഒരു വർഷത്തിലേറെക്കാലം കൂടിക്കിടക്കാതിരിക്കാൻ ക്ലീൻ കേരള കമ്പനി /അംഗീകൃത ഏജൻസി യുമായി കരാർ വച്ചിട്ടുണ്ട്. | | |
| 12 | ഓഫീസിലെ ശുചിമുറികൾ വൃത്തിയുള്ളതും ഉപയോഗയോഗ്യവുമാണ് | 10 | |
| 13 | ഓഫീസിലെ ശുചിമുറികളിൽ ശുചിത്വ നിലവാരം പരിശോധിക്കുന്നതിന് ചുമതലക്കാരെ നിയോഗിച്ചിട്ടുണ്ട് | 05 | |
| 14 | ശുചിമുറികളിൽ പരിശോധന വിവരങ്ങൾ രേഖപ്പെടുത്തി പ്രദർശിപ്പിച്ചിട്ടുണ്ട്. | 10 | |
| 15 | ഓഫീസിലെ ദ്രവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് മലിനജല സംസ്കരണ പ്ലാൻറ് ഉണ്ട് | 10 | |
| 16 | ഓഫീസിലെ ദ്രവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സോക്കേജ് പിറ്റ് ഉണ്ട്. | 05 | |
| 17 | ശുചിമുറി മാലിന്യം സംസ്കരിക്കുന്നതിന് സോക്ക് പിറ്റോടുകൂടിയ സെപ്റ്റിക് ടാങ്ക് ഉണ്ട് | 10 | |
| 18 | ഓഫീസിന്റെ പരിസരത്ത് വെള്ളം കെട്ടിക്കിടന്ന് കൊതുക് വളരുന്ന സാഹചര്യം ഇല്ല . | 05 | |
| 19 | ഓഫീസിന്റെ പരിസരം വൃത്തിയായും മാലിന്യങ്ങൾ കൂട്ടിയിടാതെയും സൂക്ഷിച്ചിട്ടുണ്ട്. | 10 | |
| 20 | ഓഫീസിന്റെ പുറകുവശം ,പടികെട്ടുകളുടെ അടിഭാഗം,കാർ ഷെഡ്,വരാന്ത,ടെറസ്സ്,ഇടനാഴികൾ എന്നിവിടങ്ങളിൽ മാലിന്യങ്ങൾ, ഉപയഗയോഗ്യമല്ലാത്ത ഫർണിച്ചർ തുടങ്ങിയവ കൂട്ടിയിട്ടിട്ടില്ല | 05 | |
| 21 | ഓഫീസിലെ മലിന ജലം ഉൾപെടെ ഒഴുകുന്ന പൈപ്പ് ലൈൻ ഒന്നുംതന്നെ പൊട്ടി ഒഴുകുന്നില്ല | 05 | |
| 22 | ഓഫീസിന്റെ പരിസരത്ത് പൂന്തോട്ടം നിർമ്മിച്ച് മനോഹരമാക്കിയിട്ടുണ്ട്. | 05 | |
| 23 | ഓഫീസിലെ എല്ലാ പരിപാടികളിലും പുനരുപയോഗ സാധ്യമായ പാത്രങ്ങൾ ഉപയോഗിക്കുന്നതിന് ആവശ്യമായ എണ്ണം ഉണ്ട്. | 05 | |
| 24 | ജീവനക്കാർക്ക് പാർസലായി ഭക്ഷണം വങ്ങേണ്ട സാഹചര്യത്തിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ ടിഫിൻ കാരിയറുകൾ ഓഫീസിൽ ശേഖരിച്ചിട്ടുണ്ട് | 05 | |
| 25 | മാലിന്യ സംസ്കരണം,മാലിന്യത്തിന്റെ അളവ് കുറക്കുന്നതിനുള്ള നിബന്ധനകൾ സംബന്ധിച്ച വിവരങ്ങൾ ജീവനക്കാർക്കും സന്ദർശകർക്കും വായിച്ച് അറിയുവാൻ പാകത്തിന് പ്രദർശിപ്പിച്ചിട്ടുണ്ട്. | 05 | |

Draft #20 of File EA2/16361/23/DTE Approved by Senior Administrative Officer on 16-Dec-2023 10:52 PM - Page 6

| | | | |
|---|---|---|---|
| 26 | മാലിന്യ സംസ്കരണം,മാലിന്യത്തിന്റെ അളവ് കുറക്കുന്നതിനുള്ള നിബന്ധനകൾ സംബന്ധിച്ച പരിശീലനം എല്ലാ ജീവനക്കാർക്കും നൽകിയിട്ടുണ്ട് | 05 | |
| 27 | പോസ്റ്ററുകൾ ,ബോർഡുകൾ എന്നിവ സ്ഥാപിക്കുന്നതിന് പ്രത്യേക സ്ഥലം ഉണ്ട് | 05 | |
| 28 | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഗ്രീൻ സർട്ടിഫിക്കേഷനുള്ള അപേക്ഷയും സത്യ പ്രസ്താവനയും നൽകിയിട്ടുണ്ട്. | 10 | |
| | ആകെ മാർക്ക് | 200 | |
| പരിശോധന ടീമിലെ അംഗങ്ങളുടെ പേര് | | | |
| പരിശോധന ടീമിലെ ലീഡറുടെ പേര്<br>പദവി<br>ഒപ്പ് | | | |

Draft #20 of File EA2/16361/23/DTE Approved by Senior Administrative Officer on 16-Dec-2023 10:52 PM - Page 7